KOLLAM CITY POLICE
www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
Dated 01/04/ 2018

# ഇന്ത്യൻ നിർമ്മിത വിദേശ മദ്യവുമായി അറസ്റ്റിൽ

ഓച്ചിറ : കൊല്ലം ജില്ലയിലെ ഓച്ചിറയിലും പരിസര പ്രദേശങ്ങളിലും വ്യാപകമായ രീതിയിൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം അനധികൃതമായി കച്ചവടം നടത്തിയ ഒരാളെ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ എസ് ശ്രീനിവാസ് ഐപിഎസ് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് ഷാഡോ പോലീസ് അറസ്റ്റ് ചെയ്തു. കരുനാഗപ്പള്ളി ക്ലാപ്പന പ്രയാർ സുനില് ഭവനില് സുരേന്ദ്രന്റെ ഭാര്യ ശാന്ത(61) ആണ് പോലീസ് പിടിയിലായത്. ഇവരുടെ പക്കൽ നിന്നും 13 ലിറ്ററോളം ഇന്ത്യന് നിർമ്മിത വിദേശ മദ്യവും പോലീസ് പിടിച്ചെടുത്തു.

പോലീസിനെ നിരീക്ഷിക്കാനും ഒളിപ്പിക്കാനും പ്രത്യേക സംവിധാനമുള്ള ഇവർ വീടിനടുത്തുള്ള പുരയിടങ്ങളിൽ കുഴി എടുത്ത് കവറിട്ട് മൂടിയാണ് മദ്യം സൂക്ഷിച്ചിരുന്നത്. അതുകൊണ്ടുതന്നെ പലപ്പോഴും ഇവരെ പിടികൂടിയിട്ടും മദ്യം ലഭിച്ചിരുന്നില്ല, ഇതിനെ തുടർന്ന് പോലീസ് നടത്തിയ തന്ത്രപരമായ ഒരു നീക്കത്തിനൊടുവിലാണ് ഇവർ വലയിലായത്. കൊല്ലം, കരുനാഗപ്പള്ളി എന്നീ പ്രദേശങ്ങളിലെ നിരവധി അനധികൃത കച്ചവടക്കാരെ കുറിച്ച് വിവരം ലഭിച്ചിട്ടുണ്ടെന്നും വരും ദിവസങ്ങളിൽ കൂടുതല് പേര് അറസ്റ്റിലാകുമെന്നും പോലീസ് അറിയിച്ചു.

കരുനാഗപ്പള്ളി എസിപി എസ് ശിവപ്രസാദ്, കൊല്ലം സ്പെഷ്യല് ബ്രാഞ്ച് എസിപി ഷിഹാബുദീൻ, ഓച്ചിറ എസ്ഐ മഹേഷ് പിള്ള, എസ്ഐ ഗിരീഷ്, ഷാഡോ എസ്ഐ വിപിൻ കുമാര്, എസ്സിപിഠ സന്തോഷ്, ഷാഡോ പോലീസുകാരായ നന്ദ കുമാർ, ഹരിലാല് ,സജു, സീനു, രിപു എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

. .